# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 6013.

10..7..2012-ൽ മറുപടിക്ക്

## ക്ഷീരമേഖലയുടെ സ്വയം പര്യാപ്തത

**ചോദ്യം**

ശ്രീ. എം.എ. വാഹീദ്
,, കെ. ശിവദാസൻ നായർ
,, കെ. അച്ചുതൻ

**ഉത്തരം**

ശ്രീ. കെ.സി. ജോസഫ്.
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ ക്ഷീരമേഖലയെ സ്വയം പര്യാപ്തമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് ;

(എ) ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും ഉപദേശക സർവ്വീസും എന്ന പദ്ധതി മുഖേന ഗ്രാമീണ മേഖലയിൽ ക്ഷീരകർഷകർക്ക് ശാസ്ത്രീയ പശുവളർത്തലിന്റെ പ്രാധാന്യവും അതിലൂടെയുണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ചുള്ള അവബോധവും നല്കുന്നു. ക്ഷീരകർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനുവേണ്ടി ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ് സ്ഥാപിക്കുവാൻ ധനസഹായം, സംഘത്തിന്റെ കെട്ടിട നിർമ്മാണം, പുതുതായി രൂപീകരിക്കുന്ന സംഘത്തിനുള്ള ധനസഹായം, സംഘങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള ധനസഹായം, പാൽ പരിശോധനാ ഉപകരണങ്ങൾ, കെമിക്കൽസ് എന്നിവ വാങ്ങുന്നതിനുള്ള ധനസഹായം, എം.എസ്.ഡി.പി. പദ്ധതി പ്രകാരം ക്ഷീര സംഘങ്ങൾക്ക് ഡയറി യൂണിറ്റുകളും ഹീഫർ യൂണിറ്റുകളും, പുൽകൃഷി വികസന പദ്ധതിയിൽപ്പെടുത്തി വാണിജ്യാടിസ്ഥാന പുൽകൃഷിക്ക് ധനസഹായം, തീറ്റപ്പുൽ വിപണനത്തിനുള്ള ധനസഹായം, ക്ഷീര സംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത സഹായം എന്നിവ നല്കി വരുന്നു. മിൽമയുടെ രണ്ട് കാലിത്തീറ്റ ഫാക്ടറികളിൽ നിന്നും ഗുണനിലവാരമുള്ള കാലിത്തീറ്റയുടെ ഉല്പാദനവും വിതരണവും, ഡയറി ഫാമുകൾ വികസിപ്പിക്കുന്നതിനുള്ള ധനസഹായം, കന്നുകുട്ടി പരിപാലന പരിപാടി, കാലിത്തീറ്റ സബ്സിഡി, അധിക പാൽവില നല്കൽ എന്നിവ കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളായ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ് എന്നീ പദ്ധതികളും ക്ഷീര കർഷകർക്ക് അപകട ഇൻഷ്വറൻസ് പദ്ധതി, മരണാനന്തര ധനസഹായം, ഉപരിപഠന ധനസഹായം,

പ്രൊഡക്ഷൻ ഇൻസെന്റീവ്, സമ്മർ ഇൻസെന്റീവ്, കെട്ടിട നിർമ്മാണ ഗ്രാന്റ് എന്നിവയും മിൽമ വഴി സംസ്ഥാനത്ത് നടപ്പാക്കി വരുന്നുണ്ട്. ക്ഷീരകർഷക ക്ഷേമനിധി ബോർഡ് വഴി ക്ഷീരകർഷകർക്ക് പെൻഷൻ, ക്ഷീരകർഷകരുടെ മക്കൾക്ക് വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, കുടുംബപെൻഷൻ എന്നിങ്ങനെ വിവിധ ക്ഷേമ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

(ബി) 12-ാം പഞ്ചവത്സര പദ്ധതിയിൽ ഇതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) 12- ാം പഞ്ചവത്സര പദ്ധതിയിൽ, ഇടവിള കൃഷികൾ പ്രോത്സാഹിപ്പിച്ചും, ക്ഷീര സഹകരണ സംഘങ്ങൾ മുഖേന തീറ്റപ്പുല്ലിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി തീറ്റപ്പുൽ കൃഷി പദ്ധതി നടപ്പിലാക്കുന്നതിനും പുതിയ പ്ലാന്റുകൾ സ്ഥാപിച്ചും, നിലവിലുള്ള പ്ലാന്റുകളുടെ ശേഷി കൂട്ടി കാലിത്തീറ്റ ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും പദ്ധതികളുണ്ട്. ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തി ശീതീകരണ ശൃംഖലകൾ മുഖേന പാൽ സംഭരണം വർദ്ധിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു. ക്ഷീരകർഷകർക്ക് കാലി വളർത്തലിനുള്ള തീറ്റച്ചെലവ് കുറയ്ക്കുന്നതിനായി കാലിത്തീറ്റയ്ക്ക് സബ്സിഡി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ആയത് 12 മാസക്കാലവും നല്കുന്നതിന് തുടർനടപടി സ്വീകരിച്ചു വരുന്നുണ്ട്.

(സി) ക്ഷീര മേഖലയിൽ ഗുണപരമായ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

(സി) ഉല്പാദനക്ഷമതയുള്ള കന്നുകാലികളുടെ എണ്ണം വർദ്ധിപ്പിക്കുക, ക്ഷീരകർഷകർക്ക് കാലിവളർത്തലിനാവശ്യമായ അസംസ്കൃത വസ്തുക്കൾ കുറഞ്ഞനിരക്കിൽ ലഭ്യമാക്കുക, തീറ്റപ്പുൽ കൃഷി വ്യാപകമാക്കുക, കർഷകർക്ക് ഉല്പാദന ചെലവിന് ആനുപാതികമായ വില ലഭിക്കുന്നുവെന്ന് ഉറപ്പാക്കുക, ക്ഷീരകർഷക ക്ഷേമ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക എന്നിവയിലൂടെ കർഷകരെ ഈ മേഖലയിൽ നിലനിർത്തി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾക്ക് മുൻഗണന നല്കാനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ.